പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5760 — 02.07.2014 -ലെ മറുപടിക്ക്.

# കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. ബേബി :<br>ശ്രീ. പി. കെ. ഗുരുദാസൻ :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. ജയിംസ് മാത്യു : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മൂന്ന് ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രശ്നം പരിഹരിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ; | (എ) 1948–ലെ മിനിമം വേതന നിയമം, 1958–ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (N&FH) നിയമം, 1961–ലെ മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് എന്നിവ പ്രകാരം ലഭിക്കുന്ന പരാതികളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുകയും നിയമ ലംഘനങ്ങൾക്കെതിരെ, നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. തൊഴിൽ തർക്കങ്ങൾ പരാതിയായി ലഭിക്കുന്നതിന്മേൽ ബന്ധപ്പെട്ട കൺസീലിയേഷൻ ഓഫീസർമാർ ഇടപെട്ട് അനുരഞ്ജനം നടത്തി തർക്കങ്ങൾ തീർപ്പാക്കുകയും അല്ലാത്തവ നിയമാനുസൃതം അഡ്ജുഡിക്കേഷനുവേണ്ടി റഫർ ചെയ്ത് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) കശുവണ്ടി തൊഴിലാളികളുടെ മിനിമം വേതനം എത്രയെന്നും അതു പുതുക്കി നിശ്ചയിച്ചിട്ട് എത്ര കാലമായെന്നും അറിയിക്കാമോ; | (ബി) കശുവണ്ടി വ്യവസായ മേഖലയിൽ അവസാനമായി മിനിമം വേതനം പുതുക്കി നിശ്ചയിച്ചത് 03.01.2011–ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 01/2011/തൊഴിൽ പ്രകാരമാണ്. ടി വിജ്ഞാപന പ്രകാരമുള്ള മിനിമം വേതനം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള ഫാക്ടറികളിൽ ഓരോ വർഷവും എത്ര വീതം ദിവസങ്ങളിൽ തൊഴിൽ നല്കിയെന്ന് വ്യക്തമാക്കാമോ ; | (സി) അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) സ്വകാര്യ മുതലാളിമാരുടെ തൊഴിൽ ചൂഷണം അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ഡി) തൊഴിലാളികളിൽ നിന്നും പരാതികൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുകയും നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

### പീസ് റേറ്റുകാരുടെ നിരക്ക്

| | | |
|---|---|---|
| 1. | ഷെല്ലിംഗ് (തല്ല്/കട്ടിംഗ്) | പുറന്തോട് കളഞ്ഞെടുത്ത ഒരു കിലോ മുഴുവൻ പരിപ്പിന് 22.36 രൂപ നിരക്കിൽ |
| 2. | പീലിംഗ് (തൊലിയെടുപ്പ്) | പുറന്തോട് കളഞ്ഞ് പരിപ്പ് തൊലി നീക്കിയെടുക്കുന്നതിന് ഒരു കിലോ മുഴുവൻ പരിപ്പിന് 28.44 രൂപ നിരക്കിൽ |
| 3. | പീലിംഗ് (തല്ലുപൊടി) | തൊലി നീക്കി വേർതിരിച്ചെടുത്ത ഒരു കിലോ പരിപ്പിന് 19.54 രൂപ നിരക്കിൽ |

### ദിവസ ശമ്പളക്കാരുടെ കൂലി

| നമ്പർ | വിഭാഗം | അടിസ്ഥാന വേതനം |
|---|---|---|
| 1. | ഗ്രേഡർ | രൂപ.180/- |
| 2. | ടിൻ ഫില്ലർ | രൂപ.185/- |
| 3. | മൈക്കാട് (പൊടിയെടുപ്പ്, തൊലിപാറ്റ്, കേടെടുപ്പ്, പരിപ്പ് ഇടഞ്ഞുവാരൽ) | രൂപ.185/- |
| 4. | മൈക്കാട് (ജനറൽ) | രൂപ.200/- |
| 5. | സ്റ്റെൻസിലർ | രൂപ.200/- |
| 6. | ചുമട്ടുതൊഴിലാളി (കയറ്റിറക്ക്) | രൂപ.225/- |
| 7. | ഫയർമാൻ | രൂപ.225/- |
| 8. | സോക്കിംഗ് & സൈസിംഗ് വർക്കർ | രൂപ.200/- |
| 9. | ഓയിൽ എക്സ്ട്രാക്ടർ/ഓയിൽ എക്സ്പെല്ലർ | രൂപ.200/- |
| 10. | ആശാരി | രൂപ.250/- |
| 11. | കൊല്ലൻ | രൂപ.250/- |
| 12. | മെക്കാനിക് | രൂപ.250/- |
| 13. | ലാപ് ചെക്കർ | രൂപ.185/- |

സെക്ഷൻ ഓഫീസർ

അനുബന്ധം-2

| ക്രമ നമ്പർ | ഫാക്ടറിയുടെ പേര് | വർഷം | തൊഴിൽദിനങ്ങൾ |
|---|---|---|---|
| 1. | കേരളാ കശുവണ്ടി വികസന കോർപ്പറേഷൻ | 2011 | 288 |
| | | 2012 | 231 |
| | | 2013 | 222 |
| | | 2014 (27/06/2014 വരെ) | 80 |
| 2. | കാപ്പക്സ് | 2011 | 216 |
| | | 2012 | 274 |
| | | 2013 | 211 |
| | | 2014 (26/06/2014 വരെ) | 123 |

Deepa
സെക്ഷൻ ഓഫീസർ